(ബി) പട്ടികവർഗ്ഗക്കാർ, സൊസൈറ്റി രൂപീകരിച്ചും കൂട്ടസംരംഭങ്ങൾ രൂപീകരിച്ചും വ്യക്തിപരമായും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ പൈതൃകോത്സവം എന്ന പേരിൽ 2 മേളകൾ സംസ്ഥാനത്ത് 2 ജില്ലകളിലായി സംഘടിപ്പിച്ചുവരുന്നു. പൈതൃകോത്സവത്തിൽ പങ്കെടുത്തവർക്ക് 500 രൂപാ നിരക്കിൽ ദിനബത്തയും ഭക്ഷണവും ഇവരുടെ ഉൽപ്പന്നങ്ങൾ മേള സ്ഥലത്ത് എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജും നൽകിവരുന്നു. കൂടാതെ ഇവരുടെ ഉൽപ്പന്നങ്ങൾ വകുപ്പ് നേരിട്ട് ശേഖരിച്ച് ട്രേയ്ഡ് ഫെയറിൽ വിറ്റഴിക്കുകയും യുക ടി സംഘങ്ങൾക്ക് കൈമാറുകയും ചെയ്യുവരുന്നു.

(സി) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പട്ടികവർഗ്ഗക്കാർക്ക് തൊഴിലവസരങ്ങൾ യഥാസമയം അറിയുന്നതിനും വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പുതിയ സേവനങ്ങളായ റേഷൻ കാർഡ് അപേക്ഷ നൽകൽ, പാസ്പോർട്ട് അപേക്ഷ നൽകൽ, ജാതി, വരുമാനം മുതലായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ, വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് സംബന്ധിച്ച സേവനങ്ങൾ, എസ്.എസ്.എൽ.സി., +2 റിസൾട്ടുകൾ തുടങ്ങി പട്ടികവർഗ്ഗ മേഖലയിൽ ലഭ്യമല്ലാത്ത സേവനങ്ങൾ നൽകുന്നതിനും വിവര സാങ്കേതിക വിദ്യയിൽ പരിജ്ഞാനം കുറവുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് സഹായം നൽകുന്നതിനുമായി വിവിധ ജില്ലകളിൽ സഹായി സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നൂതനകൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനായി കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2013-14-ൽ അട്ടപ്പാടി മേഖലകളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 308 ലക്ഷം രൂപ കൃഷി വകുപ്പിന് അനുവദിച്ചിരുന്നു.

ആദിവാസികൾക്കായുള്ള ക്ഷേമപദ്ധതികൾ

308 (681) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ക്ഷേമത്തിനായി 2014-15 വർഷത്തിൽ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

(ബി) ഇത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഫണ്ടിന്റെ മോണിറ്ററിങ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്?

ഉത്തരം

(എ) ആദിവാസി ക്ഷേമത്തിനായി 2014-15 വർഷത്തിൽ ബഡ്ജറ്റിൽ 52199.20 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) പട്ടികവർഗ്ഗ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരമാവധി പ്രയോജനം അവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമ കാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്കുതന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് വകുപ്പ് അതീവ ജാഗ്രത പാലിക്കാറുണ്ട്. ഇതിനായി വകുപ്പദ്ധ്യക്ഷന്മാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്.

വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിന് ജില്ലാ ഓഫീസർമാരുടെ യോഗം എല്ലാ മാസവും ചേർന്ന് വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ തന്നെ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.

പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള നടപടികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്ഥലം എം.എൽ.എ. ചെയർമാനായും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തിവരുന്നത്.

പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സംഘം എല്ലാ ജില്ലകളിലും

LIBRARY ARCHIVES Kerala Legislative Assembly

സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായും കൺവീനറായും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാർ തലത്തിലുള്ള അവലോകനം നടത്തുന്നുണ്ട്.

ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. അതുപോലെ തന്നെ ജില്ലാ തലത്തിൽ വിലയിരുത്തലിനായി ജില്ലാ കളക്ടർക്കും നൽകുന്നുണ്ട്. എല്ലാ മാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ സഹായത്തോടുകൂടി മേഖലാ കേന്ദ്രീകൃത കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുകയും മോണിറ്ററിംഗ് നടത്തുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു.

സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഹൈലെവൽ കമ്മിറ്റിയിൽ ജില്ലാ കളക്ടർമാരുമായും വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥന്മാരുമായും വീഡിയോ കോൺഫറൻസിംഗ് വഴി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.

ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടികവർഗ്ഗവികസനത്തിന് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നുണ്ട്.

സംസ്ഥാന യുവജനകമ്മീഷൻ

309(683) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly